പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2571 — 12.6.2018 -ൽ മറുപടിയ്ക്ക്

## കെ.ടി.ഡി.സി.നഷ്ടത്തിലേക്ക് പോകുന്നതിന്റെ കാരണം

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.പി.ജെ.ജോസഫ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ഡോ.എൻ. ജയരാജ് : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | വിനോദസഞ്ചാരികളുടെ എണ്ണം വർഷം തോറും വർദ്ധിക്കുമ്പോഴും 2016 വരെ ലാഭത്തിൽ പ്രവർത്തിച്ച കെ.ടി.ഡി.സി.നഷ്ടത്തിലേക്ക് പോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | എ) | കെ.ടി.ഡി.സി 2016-17-ൽ 5.82 കോടിയും 2017-18-ൽ 3.52 കോടിയും പ്രവർത്തന ലാഭം നേടിയിട്ടുണ്ട്. എന്നാൽ ഈ വർഷം വിറ്റുവരവിലും, പ്രവർത്തന ലാഭത്തിലും, അറ്റാദായത്തിലും ഈ കാലയളവിൽ കുറവുണ്ടായിട്ടുണ്ട്. ഇതിന് കാരണം 2017-ൽ സുപ്രീംകോടതിയുടെ ഉത്തരവിൻ പ്രകാരം കെ.ടി.ഡി.സി.നടത്തിക്കൊണ്ടിരുന്ന 40 ബിയർ പാർലറുകളിൽ 29 എണ്ണം പൂട്ടുകയുണ്ടായി. ഇത് പിന്നീട് തുറന്നെങ്കിലും 2017-18 ലെ വിറ്റുവരവിനെ സാരമായി ബാധിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ജി.എസ്.റ്റി.യും വിറ്റുവരവിനെ ബാധിച്ചിട്ടുണ്ട്.<br>ഇവിടെ ജോലി ചെയ്തിരുന്ന തൊഴിലാളികളുടെ വർദ്ധനവും വരുമാനമില്ലാതെ നൽകേണ്ടി വന്ന അവരുടെ വേതനം, ചില ഹോട്ടലുകളുടെ കാലഹരണപ്പെട്ട കെട്ടിടങ്ങളും തുടർന്നുള്ള അറ്റകുറ്റപണികൾ എന്നിവ ചിലവ് വർദ്ധിക്കാൻ കാരണമായി. ഭാവി ബിസിനസ്സ് മുന്നിൽ കണ്ടുകൊണ്ട് കഴിഞ്ഞ 2 വർഷത്തിനിടയിൽ കുമരകത്തെ വാട്ടർസ്കേപ്പ് എന്ന ഹോട്ടൽ അടച്ച് നവീകരണം നടത്തി വരുന്നു. തിരുവനന്തപുരം മാസ്കറ്റ് ഹോട്ടൽ, ചൈത്രം തുടങ്ങിയവ ഭാഗികമായി അടച്ച് നവീകരണങ്ങൾ നടത്തിയതും വരുമാനത്തിൽ കുറവ് ഉണ്ടാകാൻ കാരണമായി. |
| ബി) | സംസ്ഥാനത്തെ വഴിയോര വിശ്രമ കേന്ദ്രങ്ങളും മസ്കറ്റ് ഹോട്ടലും ആധുനിക രീതിയിൽ പുന:സംഘടിപ്പിക്കുവാനും വിനോദസഞ്ചാരികളുടെ | ബി) | സംസ്ഥാനത്തെ വഴിയോര വിശ്രമ കേന്ദ്രങ്ങൾ കാലഘട്ടത്തിനനുസരിച്ച് ബ്രാൻഡ് ചെയ്ത് പുന:സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. മാസ്കറ്റ് ഹോട്ടലിനെ ആധുനിക രീതിയിൽ ആക്കുന്നതിനുള്ള നവീകരണ |

| | | | |
|---|---|---|---|
| | അഭിരുചിക്ക് അനുസരിച്ച് പ്രവർത്തിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ; | | പ്രവർത്തനങ്ങളും 5 സ്റ്റാർ ആയി ക്ലാസിഫൈ ചെയ്യുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. |
| സി) | മസ്കറ്റ് ഹോട്ടലിന് സർക്കാർ വകുപ്പുകളും ട്രാവൽ ഏജൻസികളും നൽകുവാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ കോർപ്പറേഷൻ പരാജയപ്പെടുന്നു എന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ; | സി) | മാസ്കറ്റ് ഹോട്ടലിന്റെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ നടന്നുവരികയാണ്. കുടിശ്ശികയായി പലപ്പോഴും കാണുന്ന തുക ബില്ലിലുണ്ടായ തർക്കങ്ങൾ മൂലമാണ്. അത് ആരുടേയും പരാജയമായി കാണുന്നില്ല. കുടിശ്ശിക ഉണ്ടാകുന്നതിനുള്ള കാരണങ്ങളും വിശദാംശങ്ങളും ആഴത്തിൽ പരിശോധിച്ച് കിട്ടാനുള്ളവ ഈടാക്കാനും കിട്ടാൻ സാധ്യതയില്ലാത്തവ എഴുതിത്തള്ളാനും ഉള്ള നടപടി സ്വീകരിച്ചുവരുന്നു. |
| ഡി) | സംസ്ഥാനത്ത് എവിടെയൊക്കെയാണ് കെ.ടി.ഡി.സി. സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | ഡി) | നെയ്യാർ ഡാമിലും മലമ്പുഴയിലും യഥാക്രമം 1 മെഗാവാട്ട്, 2 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള രണ്ടു പ്ലാന്റുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ